സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

**DC ROC NO19824/2026/SAB**
**EOP 1237/2026/SAB**

എക്സിക്യൂട്ടീവ് ഓഫീസ്
ശബരിമല
24/10/2026

## ക്വട്ടേഷൻ പരസ്യം

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് പമ്പയിലെ സ്റ്റോറിൽ നിന്നും സന്നിധാനത്തെ മെയിൻ സ്റ്റോറിലേയ്ക്ക് ആവശ്യമായ സാധനസാമഗ്രികൾ തടസ്സമില്ലാതെ എത്തിക്കുന്നതിന് (ചരക്ക് നീക്കം നടത്തുന്നതിന്) ട്രാക്ടർ ഉടമകളിൽ നിന്നും നിശ്ചിത നിരക്കിലുള്ള മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

## നിബന്ധനകളും വ്യവസ്ഥകളും

- **ട്രാക്ടറുകളുടെ എണ്ണം:** ക്വട്ടേഷനിൽ പങ്കെടുക്കുന്ന ഉടമകൾക്ക് സ്വന്തമായി ട്രാക്ടറുകൾ ഉണ്ടായിരിക്കേണ്ടതാണ്.
- **ഫിറ്റ്നസ്& രേഖകൾ:** സർവീസിനായി ഉപയോഗപ്പെടുത്തുന്ന എല്ലാ ട്രാക്ടറുകൾക്കും മോട്ടോർ വാഹന വകുപ്പിന്റെയും മറ്റ് ബന്ധപ്പെട്ട അധികാരികളുടെയും സാധുവായ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (Fitness Certificate), ഇൻഷുറൻസ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയ എല്ലാ നിയമാനുസൃത രേഖകൾ ഉണ്ടായിരിക്കേണ്ടതും, ദേവസ്വം ബോർഡിൽ നിന്നും നൽകിയിട്ടുള്ള രജിസ്ട്രേഷൻ നമ്പർ ഉണ്ടായിരിക്കേണ്ടതുമാണ്.
- **നിയമപാലനം:** വനമേഖലയിലൂടെയുള്ള ചരക്ക് നീക്കത്തിന്റെ സുരക്ഷയ്ക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡും ബന്ധപ്പെട്ട മറ്റ് സർക്കാർ വകുപ്പുകളും (പോലീസ്, വനം വകുപ്പ് മുതലായവ) കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന എല്ലാ മാനദണ്ഡങ്ങളും നിബന്ധനകളും കർശനമായി പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനായിരിക്കും.

(പേജ് ......2)

EO

- നിരക്ക്:- കിലോ ഒന്നിന് രേഖപ്പെടുത്തേണ്ട വിധം

1. പമ്പ സ്റ്റോറിൽ നിന്നും ട്രാക്ടറ്ററിലേയ്ക്ക് സാമഗ്രികൾ കയറ്റി സന്നിധാനം മെയിൻ സ്റ്റോറിൽ ഇറക്കുന്നതിനുള്ള (കയറ്റിറക്ക് കൂലി ഉൾപ്പെടെ) നിരക്ക് കിലോ ഒന്നിന്
2. പമ്പയിൽ എത്തിച്ചേരുന്ന വാഹനത്തിൽ നിന്നും ട്രാക്ടറിലേയ്ക്ക് നേരിട്ട് സാമഗ്രികൾ കയറ്റുമ്പോൾ ലോഡിംഗ് ചാർജ്ജ് ഒഴിവാകുന്നുണ്ട്. ഇത്തരത്തിൽ സാമഗ്രികൾ പമ്പയിൽ നിന്നും സന്നിധാനത്ത് മെയിൻ സ്റ്റോറിൽ എത്തിക്കുന്നതിന് കിലോ ഒന്നിന് എന്ന നിരക്ക്.

## പ്രധാന വിവരങ്ങൾ

| വിവരണം | വിശദാംശങ്ങൾ |
|---|---|
| ക്വട്ടേഷൻ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും | **26/10/2026,** ഉച്ചയ്ക്ക് **02:00** മണി വരെ |
| സമർപ്പിക്കേണ്ട വിധം | നേരിട്ട് എക്സിക്യൂട്ടീവ് ഓഫീസ് പത്തനംതിട്ടയിലോ, **അല്ലെങ്കിൽ** **eosabarimala@gmail.com** എന്ന ഇമെയിൽ വിലാസത്തിലോ ലഭ്യമാക്കേണ്ടതാണ്. |

നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. യാതൊരു കാരണവും ബോധിപ്പിക്കാതെ തന്നെ ഏതൊരു ക്വട്ടേഷനും നിരസിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള പരിപൂർണ്ണ അധികാരം എക്സിക്യൂട്ടീവ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കും.

**24/10/2026**

**എക്സിക്യൂട്ടീവ് ഓഫീസർ**

ശബരിമല ദേവസ്വം